*ഉത്തരം*

(എ) ഉണ്ട്.

(ബി) മൂന്നു മാസത്തിൽ ഒരിക്കലാണ് ജില്ലാതല കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗ് കൂടേണ്ടത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. യോഗതീരുമാനങ്ങളിൽ അനുവർത്തന റിപ്പോർട്ട് തയ്യാറാക്കാറുണ്ട്.

**ബ്ലേഡ് കമ്പനികളുടെയും വാഹനവായ്പാ സ്ഥാപനങ്ങളുടെയും മറവിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാ പ്രവർത്തനം**

156 [3121] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
,, *കെ. വി. കുഞ്ഞിരാമൻ:*
,, *കെ. കെ. ജയചന്ദ്രൻ:*
,, *പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡുകമ്പനികളുടെയും വാഹനവായ്പാ സ്ഥാപനങ്ങളുടെയും മറവിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ മറവിൽ പ്രവർത്തിക്കുന്ന സാമൂഹ്യ വിരുദ്ധരേയും ഗുണ്ടകളേയും അമർച്ചചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) മണൽ കടത്തും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിന് പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ)—(സി) ഉണ്ട്. സാമൂഹ്യവിരുദ്ധരേയും സംഘടിതമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരേയും പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം നിരീക്ഷിച്ചും, കുറ്റം ചെയ്യാൻ സാദ്ധ്യതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയും ആവശ്യമെങ്കിൽ സി. ആർ. പി. സി. 107, 110 പ്രകാരം കേസെടുക്കുകയും ചെയ്തുപോരുന്നു. കർശനമായ വാഹനപരിശോധനയും പട്രോളിംഗും നടത്തി കുറ്റക്കാരെ അമർച്ച ചെയ്തുവരുന്നു.

(ഡി) ഇല്ല. എന്നാൽ മണൽ കടത്തും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിന് കർശനമായ വാഹനപരിശോധനയും പോലീസ് പട്രോളിംഗും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണങ്ങളും തുടർനടപടികളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly